ഉത്തരം

(എ) കേരള ഭൂപരിഷ്കരണ നിയമത്തിന് ഏതാനും ഭേദഗതികളും വരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) നടപടികളും പൂർത്തിയാക്കുന്നതിന് ആവശ്യമായ സമയം മാത്രമെടുക്കുന്നുള്ളു.

(ഡി) സമയക്കുറവുനിമിത്തം സാധിക്കുമെന്ന് തോന്നുന്നില്ല.

എ. കെ. ജി. മെമ്മോറിയൽ ലൈബ്രറി കെട്ടിടത്തിന് ഭൂമിക്കുവേണ്ടിയുള്ള ഹർജി

1245 [1697]. ശ്രീ. എം. വി. രാഘവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ മുനിസിപ്പാലിറ്റിയിലെ ടി. എ. എസ്. നമ്പർ 616-ൽപ്പെട്ട നാലരസെൻറ് സർക്കാർ വക തരിശുഭൂമി തങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എ. കെ. ജി. മെമ്മോറിയൽ ലൈബ്രറി (റീഡിംഗ് റൂം) കമ്മിറ്റി ഗവൺമെൻറിന് സമർപ്പിച്ച ഹർജി (സൂചന :50027/എൽ2/63/ആർ. ഡി.) തള്ളിക്കളയാനുള്ള കാരണം എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) ഗവൺമെൻറിൻെറ പ്രസ്തുത തീരുമാനം പുനഃപരിശോധിച്ച് ലൈബ്രറി കമ്മിറ്റിയുടെ ആവശ്യം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അപേക്ഷയുടെ എല്ലാവശങ്ങളും പരിഗണിച്ചതിനു ശേഷമാണ് മന്ത്രി സഭായോഗം ഈ കാര്യത്തിൽ തീരുമാനം എടുത്തത്.

"പരിയാരം വില്ലേജ് വിഭജനം"

1246 [1699] ശ്രീ. കെ. ജെ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി നിയോജക മണ്ഡലത്തിലുള്ള പരിയാരം വില്ലേജ് വിഭജിച്ച് പരിയാരം, വെറ്റിലപ്പാറ എന്നീ വില്ലേജുകളായി പുനഃസംഘടിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്നത്തേക്ക് നടപ്പിലാക്കും എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനുവേണ്ടി വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി, സി, ഡി) പരിശോധിക്കുന്നതാണ്.

"അട്ടപ്പാടി താലൂക്ക്"

1247. [1700] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗളി, ഷോളയൂർ, പുതൂർ, കള്ളമല, പാടവയൽ, കോട്ടത്തറ എന്നീ ആറു വില്ലേജുകൾക്കുംകൂടി എത്ര ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുണ്ട്;

(ബി) ഈ വില്ലേജുകൾ ഉൾപ്പെടുത്തി അട്ടപ്പാടി താലൂക്ക് രൂപീകരിക്കാനാവശ്യമായ നടപടികൾ എടുക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പുതുതായി താലൂക്കുകൾ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പീരുമേട് താലൂക്ക് ആഫീസിന് വാഹനം

1248. [1701] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പീരുമേട് താലൂക്കാഫീസിന് സ്വന്തമായി പുതിയ വാഹനം നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

എല്ലാ താലൂക്കുകൾക്കും ഘട്ടങ്ങളായി വാഹനം നൽകുവാനുള്ള ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇപ്പോൾ വാഹനങ്ങളില്ലാത്ത എല്ലാ താലൂക്കുകൾക്കും വാഹനം നൽകുന്ന കാര്യം ഈ ആവശ്യത്തിനായി ബഡ്ജറ്റിൽ ലഭ്യമാകുന്ന തുകയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

സബ്കളക്ടറുടെ കാർ മുട്ടി അപകടം സംഭവിച്ചവർ

1249. [1704] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സബ് കളക്ടർ ഉപയോഗിക്കുന്ന കെ. ഇ. വി. 1737 എന്ന കാർ മുട്ടി ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ആർക്കെങ്കിലും അപകടം നേരിട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക് ;

(സി) ഇതു മൂലം എത്ര പേർക്ക് ജീവഹാനി നേരിട്ടു ;

(ഡി) അപകടത്തിൽപ്പെട്ട ആർക്കെങ്കിലും ഇനിയും നഷ്ടപരിഹാരം കൊടുക്കാനുണ്ടോ ;

(ഇ) ഈ കാറിന്റെ ഡ്രൈവർക്കെതിരെ അശ്രദ്ധമായ ഡ്രൈവിംഗിനും അമിത വേഗതയ്ക്കും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly